ഫാർമേഴ്സ് ട്രെയിനിംഗ് സെൻററുകൾ

* 58. [85] ശ്രീ. പി. ഐ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതുതായി ഫാർമേഴ്സ് ട്രെയിനിംഗ് സെൻററുകൾ തുടങ്ങണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണ് ;

(സി) ഇപ്പോൾ ട്രെയിനിംഗ് സെൻററുകൾ ഇല്ലാത്ത ജില്ലകൾക്ക് മുൻഗണന നൽകുമോ ?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) ഉണ്ട്.

(ബി) എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലും, കൂടാതെ 4-6-1976-ൽ നടന്നിട്ടുള്ള സ്റേറററ് ലവൽ ഐ. പി. ഡി. സെമിനാറിൽ പാസാക്കിയ തീരുമാനത്തിൽ ഓരോ ജില്ലയിലും ഓരോ കർഷക പരിശീലനകേന്ദ്രം തുടങ്ങണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഫാർമേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം കേന്ദ്രഗവൺമെൻറിൻെറ പദ്ധതിയായതുകൊണ്ട് പുതിയ സെൻററുകൾ തുറക്കുന്നതിനുള്ള തീരുമാനം കേന്ദ്രഗവൺമെൻറാണ് എടുക്കേണ്ടത്.

പുതിയ വ്യവസായങ്ങൾ

* 59. [86] ശ്രീ. പി. പി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1976-ൽ എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചുവെന്നു പറയാമോ ;

(ബി) പൊതുമേഖലയിലും സഹകാര്യമേഖലയിലും എത്രവീതം ;

(സി) അവ ഏവ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ&ബി) 1,146 ചെറുകിട വ്യവസായ യൂണിററുകൾ സഹകാര്യ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. വൻകിടയും ഇടത്തരവും വ്യവസായങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിശദമായ പേരുവിവരം ലഭിച്ചിട്ടില്ല.

(iv) UNSTARRED QUESTIONS & ANSWERS

ഹരിജൻ കോളനികളെ വിദ്യുച്ഛക്തി ബോർഡിൻെറ ഡിബഞ്ചർ വ്യവസ്ഥയിൽനിന്നും ഒഴിവാക്കാനുള്ള നടപടി

173. [166] ശ്രീ. ദാമോദരൻ കാളാശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിമന്ത്രി സദയം മറുപടി നൽകുമോ ;

സംസ്ഥാനത്തെ ഹരിജൻ കോളനികളിലെ താമസക്കാർക്ക് വിദ്യുച്ഛക്തി നൽകുന്നതിന് നിലവിലുള്ള ഡിബഞ്ചർ വ്യവസ്ഥയിൽനിന്നും അവരെ ഒഴിവാക്കുന്നതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly